**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 113** **23-01-2025 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ നടത്തുന്ന സാമ്പത്തിക തട്ടിപ്പുകൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ; | (എ) | കേരള പോലീസിന്റെ സൈബർ ഡിവിഷന് കീഴിൽ പൊതുജനങ്ങൾക്ക് സൈബർ സാമ്പത്തിക തട്ടിപ്പ് പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനായി 24*7 പ്രവർത്തിക്കുന്ന National Cyber Crime Reporting Portal (NCRP) ന്റെ 1930 എന്ന ഹെൽപ്പ് ലൈൻ നമ്പർ പോലീസ് ആസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നു. ഇതിലൂടെ രജിസ്റ്റർ ചെയ്യപ്പെടുന്ന പരാതികളിൽ, പരാതിക്കാരുടെ നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ബാങ്കുകളുടെ സഹായത്തോടെ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>ക്രിപ്റ്റോ കറൻസിയിലൂടെയുള്ള തട്ടിപ്പുകൾ കണ്ടെത്തുന്നതിനും ഫലപ്രദമായി നിയന്ത്രിക്കുന്നതിനുമായി കേരള പോലീസ് ക്രിപ്റ്റോ കറൻസി അനാലിസിസ് ടൂൾ ഉപയോഗിച്ച് വരുന്നു. ഇത് ഉപയോഗിച്ച് ക്രിപ്റ്റോ കറൻസി ട്രാൻസാക്ഷനുകൾ പരിശോധിച്ച് എക്സ്ചേഞ്ചുകളിലെ ഡെപ്പോസ്റ്റ് വാലറ്റുകൾ കണ്ടെത്തി വിവരങ്ങൾ ശേഖരിച്ചു പ്രതികളിലേക്ക് എത്തിപ്പെടുന്നതിന് സാധിക്കുന്നു.<br><br>സൈബർ കുറ്റകൃത്യങ്ങൾക്ക് ഉപയോഗിച്ചു എന്ന് കണ്ടെത്തിയ 29850 വെബ് സൈറ്റുകൾ, 843 അനധികൃത ഓൺലൈൻ ലോൺ ആപ്പുകൾ, 4761 ലോൺ ആപ്പ് വെബ് സൈറ്റുകൾ, 21696 സോഷ്യൽ മീഡിയ അക്കൗണ്ട്/പേജ്/പോസ്റ്റ്/ അനധികൃത ആപ്പുകൾ എന്നിവ സൈബർ പട്രോളിങ്ങിലൂടെ നിർവീര്യമാക്കുകയും, തട്ടിപ്പുകാർ സ്ഥിരമായി ഉപയോഗിച്ചുവന്നിരുന്ന 15990 സിം കാർഡുകൾ 49830 ഡിവൈസ് IMEI നമ്പറുകൾ എന്നിവ പ്രവർത്തന രഹിതമാക്കുകയും, 41335 ബാങ്ക് അക്കൗണ്ടുകൾ ബ്ലോക്ക്/ ഫ്രീസ് ചെയ്തിട്ടുള്ളതുമാണ്. |

പോലീസിന്റെ സോഷ്യൽ മീഡിയ സെന്റർ വഴി ടെലിവിഷൻ ചാനലുകളിലൂടെയും സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകളായ വാട്സ് ആപ്പ്, ഫേസ് ബുക്ക്, ഇൻസ്റ്റഗ്രാം എന്നിവ മുഖേനയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ നടത്തുന്ന തട്ടിപ്പുകൾക്ക് എതിരെയുള്ള വീഡിയോകൾ നിർമ്മിച്ച് പ്രദർശിപ്പിച്ച് ബോധവൽകരണം നടത്തി വരുന്നു. ജില്ലാ പോലീസ് മേധാവികളുടെ നേതൃത്വത്തിൽ ഓരോ ജില്ലകളിലും സൈബർ വോളണ്ടിയേഴ്സിനെ രൂപീകരിച്ച് പരിശീലനം നൽകി ബോധവല്കരണ പരിപാടികൾ നടത്തി വരുന്നു. വിവിധ റസിഡൻസ് അസോസിയേഷനുകൾ വഴിയും പൊതുജനങ്ങൾക്ക് സൈബർ ബോധവൽകരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളെക്കുറിച്ച് സമൂഹത്തിൽ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിലെ ബാങ്ക് അക്കൗണ്ട് ഉടമകൾ, ഡോക്ടർമാർ, ഐ ടി ജീവനക്കാർ, നഴ്സുമാർ, അധ്യാപകർ, പ്രവാസികൾ, സർക്കാർ ജീവനക്കാർ തുടങ്ങി 61 സംഘടനകളിലെ 6518 അംഗങ്ങൾക്ക് ഓൺലൈൻ ആയും 3183 പേർക്ക് നേരിട്ടും ക്ലാസുകൾ നടത്തുകയും നാളിതുവരെ 118800 പേർ സാമൂഹ്യ മാധ്യമങ്ങളിലൂടെ ടി ഓൺലൈൻ ക്ലാസ്സുകൾ കാണുകയും ചെയ്തിട്ടുണ്ട്.

കേരളാ പോലീസിന്റേയും നോർക്കയുടെയും സോഷ്യൽ മീഡിയ അക്കൗണ്ടുകൾ വഴിയും സൈബർ ബോധവൽകരണ വീഡിയോകളും പോസ്റ്ററുകളും പ്രചരിപ്പിച്ചു വരുന്നു. സൈബർ സുരക്ഷയുടെ ഭാഗമായി പൊതുജനങ്ങൾക്ക് ജില്ലാതലത്തിൽ അവബോധം നൽകുന്നതിനായി തെരഞ്ഞെടുത്ത 264 പോലീസ് ഉദ്യോഗസ്ഥർക്ക് TOT പരിശീലനം നൽകുകയും അവർ അവരുടെ സ്റ്റേഷൻ പരിധിയിൽ പൊതുജനങ്ങൾക്ക് സൈബർ ബോധവൽക്കരണം നടത്തി വരുകയും ചെയ്യുന്നു. Student Police Cadets (SPC) പ്രൊജക്ടുമായി ചേർന്ന് കേരളത്തിലെ 14 ജില്ലകളിലെ 998 സ്കൂളുകളിലെ 1996 അധ്യാപകർക്ക് സൈബർ സുരക്ഷയുടെ ToT പരിശീലനം നൽകിയിട്ടുണ്ട്. പ്രസ്തുത അധ്യാപകർ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണം നടത്തി വരുന്നു.

ഡിജിറ്റൽ ഇടപാടുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വർദ്ധിച്ചുവരുന്ന നൂതന സൈബർ തട്ടിപ്പുകളിൽ നിന്നും പൊതുജനങ്ങളെ

| | | | |
|---|---|---|---|
| | | | സംരക്ഷിക്കുന്നതിനുമായി കേരള പോലീസ് സൈബർ വിഭാഗം വിഭാവനം ചെയ്ത സൈബർ വാൾ പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത തട്ടിപ്പ് കേസുകൾ കൈകാര്യം ചെയ്യുന്നതിന് കുറ്റാന്വേഷണ വിഭാഗത്തിന്റെ വൈദഗ്ദ്ധ്യം കാലാനുസൃതമായി മെച്ചപ്പെടുത്തുതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | സാമ്പത്തിക തട്ടിപ്പ് കേസുകൾ കൈകാര്യം ചെയ്യുന്നതിലേക്ക് കുറ്റാന്വേഷണ വിഭാഗത്തിന്റെ വൈദഗ്ധ്യം കാലാനുസൃതമായി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇൻസ്പെക്ടർ, സബ്ബ് ഇൻസ്പെക്ടർ റാങ്കിൽപ്പെട്ട 123 ഉദ്യോഗസ്ഥർക്ക് 3 ഘട്ടമായും, 362 പേർക്ക് 2 ഘട്ടമായും സൈബർ ക്രൈം കേസുകൾ ശാസ്ത്രീയമായി അന്വേഷിക്കുന്നതിന് പരിശീലനം നൽകിയിട്ടുണ്ട്. സി.പി.ഒ മുതൽ എസ്. ഐ റാങ്ക് വരെയുള്ള 2339 ഉദ്യോഗസ്ഥർക്ക് ട്രാക്കിംഗ് സൈബർ ഹൈജീൻ പ്രോട്ടോകോൾസ്, സോഷ്യൽ മീഡിയ മോണിറ്ററിംഗ് തുടങ്ങിയ വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട 377 പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ സെക്യൂരിറ്റി സംബന്ധമായ വിഷയത്തിൽ വിദഗ്ധ പരിശീലനവും നൽകിയിട്ടുണ്ട്.<br><br>പോലീസ് ഉദ്യോഗസ്ഥർ സൈബർ ഇൻവെസ്റ്റിഗേഷൻ ട്രാക്ക്, സൈബർ ഫോറൻസിക് ട്രാക്ക്, റെസ്പോണ്ടർ ട്രാക്ക്, ഇന്റലിജൻസ് ട്രാക്ക് എന്നീ വിഷയങ്ങളെ സംബന്ധിച്ച് നാഷണൽ സൈബർ ക്രൈം ട്രെയിനിങ് സെന്റർ മുഖേന പരിശീലനം നേടിയിട്ടുണ്ട്. ഐ-ഗോട്ട് കർമ്മയോഗി പ്ലാറ്റ്ഫോമിലൂടെ സൈബർ സെക്യൂരിറ്റി ഫണ്ടമെന്റൽ, നെറ്റ് വർക്കിംഗ് ഫണ്ടമെന്റൽ & അഡ്വാൻസ് തുടങ്ങിയ കോഴ്സുകളിലും UDEMY പ്ലാറ്റ്ഫോമിലൂടെ സൈബർ കേസുകളുടെ അന്വേഷണത്തെ സംബന്ധിച്ച കോഴ്സുകളിലും പോലീസ് ഉദ്യോഗസ്ഥർ പരിശീലനം നടത്തി വരുന്നു. |
| (സി) | സർക്കാർ-അർദ്ധ സർക്കാർ-വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളുടെ ഹാക്കിംഗ് ഉൾപ്പെടെയുള്ള തട്ടിപ്പുകൾ കണ്ടെത്തുന്നതിനും തടയുന്നതിനും അന്വേഷണം കാര്യക്ഷമമാക്കുന്നതിനും സാങ്കേതികവൈദഗ്ദ്ധ്യമുള്ള ഒരു കുറ്റാന്വേഷണ വിഭാഗത്തെ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ വെബ് സൈറ്റുകളുടെ ഹാക്കിംഗ് ഉൾപ്പെടെയുള്ള തട്ടിപ്പുകൾ കണ്ടെത്തുന്നതിനും തടയുന്നതിനും അന്വേഷണം കാര്യക്ഷമമാക്കുന്നതിനും ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനും ഇത്തരം സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനുമായി ഇൻസിഡൻസ് റെസ്പോൺസ് ടീം എല്ലാ ജില്ലകളിലും രൂപീകരിച്ച് അവർക്ക് വിദഗ്ധ പരിശീലനം നൽകി വരുന്നു. വിദഗ്ധ സമിതി തയ്യാറാക്കിയ Standard Operating Procedure അനുസരിച്ച് ഈ ടീമംഗങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു. ഇത്തരം തട്ടിപ്പുകൾ കണ്ടെത്തുന്നതിനും തടയുന്നതിനും അന്വേഷണം കാര്യക്ഷമമാക്കുന്നതിനും ഇന്ത്യൻ |

| | | | |
|---|---|---|---|
| | | | സൈബർ ക്രൈം കോർഡിനേഷൻ സെന്ററിന്റെ (14C) കീഴിൽ നടത്തിവരുന്ന സൈബർ കമാൻഡോ പരിശീലനത്തിന്റെ ഒന്നാം ഘട്ടത്തിൽ കേരളത്തിൽ നിന്നും 10 പോലീസ് ഉദ്യോഗസ്ഥർ പരിശീലനം നേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ